# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.695 — 05/06/2018-ൽ മറുപടിക്ക്

### ചെറുകിട ജലവൈദ്യുതപദ്ധതികളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിർമ്മാണം മുടങ്ങിക്കിടക്കുന്ന അൻപതോളം ചെറുകിട ജലവൈദ്യുതപദ്ധതികളെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | കെ.എസ്.ഇ..ബി.എൽ-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒന്നും ഇപ്പോൾ മുടങ്ങികിടക്കുന്നില്ല. നിർമ്മാണം മുടങ്ങികിടന്ന കെ.എസ്.ഇ..ബി.എൽ-ന്റെ കീഴിലുള്ള 6 മെഗാവാട്ട്–ന്റെ ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുതപദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ 09.11.2017–ൽ ആരംഭിച്ചു.<br>എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മോൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി സ്വകാര്യ സംരഭകർക്കായി അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണം തുടങ്ങിയവയൊന്നും മുടങ്ങിക്കിടക്കുന്നില്ല. |
| (ബി) | ഈ പദ്ധതികളെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ അഞ്ഞൂറ് മെഗാവാട്ടോളം വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ച ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) 11/2019 – ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കാൻ മുൻകൈയ്യെടുക്കുമോ എന്നറിയിക്കാമോ? | (ഡി) | കെ.എസ്.ഇ.ബി.എൽ-ന്റെ പദ്ധതികൾ തനത് ഫണ്ട് ഉപയോഗിച്ചും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തുമാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികൾക്ക് നിലവിൽ കിഫ്ബിയിൽ നിന്നും വായ്പ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ